## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2330

11.10.2011- ൽ മറുപടിയ്ക്ക്

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
|---|---|---|---|
| (എ) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളത് ; പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനാണ് പ്രപ്പോസൽ ഉള്ളത് ; | (എ) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ചുവടെ ചേർക്കുന്നു.<br>ബിരുദ കോഴ്സുകൾ<br>1) കമ്പ്യൂട്ടർ സയൻസ്.<br>2)ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ<br>3) ഇൻഫർമേഷൻ ടെക്നോളജി.<br>ബിരുദാനന്തര ബിരുദ കോഴ്സുകൾ -<br>കമ്പ്യൂട്ടേഷണൽ ലിന്ഗ്വിസ്റ്റിക്സ്.<br>ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ബിരുദ കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി ക്രമങ്ങൾ ആണ് പൂർത്തിയാക്കാനുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | എ.ഐ.സി.റ്റി.യുടെയും, യൂണിവേഴ്സിറ്റിയുടെയും അനുമതി കിട്ടിയാൽ സർക്കാർ അംഗീകാരത്തോടെ പ്രസ്തുത കോഴ്സ് ആരംഭിക്കാവുന്നതാണ്. |
| (സി) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം, ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; ഇവയുടെ നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ ? | (സി) | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾ ഉടനടി ആരംഭിക്കുന്നതാണ്. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായുള്ള നിർദ്ദേശങ്ങൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ